# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3548 20/06/2018-ൽ മറുപടിക്ക്

## ഹൃദ്യം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.എൻ. വിജയൻ പിള്ള** | | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഹൃദ്രോഗ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി ഹൃദ്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ഉണ്ട് . |
| ബി) | എത്ര വയസ്സ് വരെയുള്ള കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ; | ബി) | ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| സി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര കുട്ടികൾക്ക് ചികിത്സാ സഹായം നൽകിയിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ;എങ്കിൽ വിശദമാക്കുമോ; | സി) | പ്രസ്തുത പദ്ധതി പ്രകാരം 2017 ആഗസ്റ്റ് മാസം മുതൽ 2018 ജൂൺ മാസം 13-ാം തീയതി വരെ 1360 കുട്ടികളെ ഹൃദ്യം പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ 2017 ആഗസ്റ്റ് മാസം മുതൽ 2018 ജൂൺ മാസം 13-ാം തീയതി വരെ 405 കുട്ടികളെ ഹൃദ്യം പദ്ധതിയിൽ സർജറി നടത്തിയിട്ടുണ്ട്. |
| ഡി) | ഹൃദ്യം പദ്ധതിക്ക് ദേശീയതലത്തിൽ പുരസ്കാരം ലഭിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ? | ഡി) | ഹൃദ്യം പദ്ധതിക്ക് ദേശീയ തലത്തിൽ സ്കോച്ച് സ്വസ്ഥ് ഭാരത് ഗോൾഡ് അവാർഡും, എക്സ്പ്രസ് ഹെൽത്ത് കെയർ അവാർഡും ലഭിച്ചിരുന്നു. ഇന്ത്യയിൽ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംസ്ഥാനത്തിന്റെ ആരോഗ്യ പദ്ധതി എന്ന നിലയിലാണ് കേരളത്തിലെ ഹൃദ്യം പദ്ധതിയെ അവാർഡിനായി തെരഞ്ഞെടുത്തത് ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയകൾ സർക്കാർ, സ്വകാര്യ ആശുപത്രികളിലൂടെ സൗജന്യമായി ചെയ്യാനാകുന്ന പദ്ധതിയാണിത്. ജനനസമയത്ത് സങ്കീർണ്ണമായ |

| | | | |
|---|---|---|---|
| | | | ഹൃദ്രോഗങ്ങളുമായി ജനിക്കുന്ന കുട്ടികൾക്കും ഈ പദ്ധതി വളരെ ആശ്വാസമാണ്. പ്രതിവർഷം 2000 കുട്ടികളാണ് സങ്കീർണ്ണമായ ഹൃദ്രോഗങ്ങളുമായി ജനിക്കുന്നത്, അത്യാഹിത സ്വഭാവമുള്ള കേസുകളാണെങ്കിൽ 24 മണിക്കൂറിനകം ശസ്ത്രക്രിയയ്ക്ക് ഒഴിവുള്ള ആശുപത്രിയിൽ കുഞ്ഞിനെ പ്രവേശിപ്പിച്ച് വിദഗ്ധ ചികിത്സ ലഭ്യമാക്കും. രാജ്യത്ത് ആദ്യമായിട്ടാണ് വെബ് രജിസ്ട്രേഷനുപയോഗിച്ച് സൗജന്യ ഹൃദയ ശസ്ത്രക്രിയ സംവിധാനം നടത്തുന്നതെന്ന പ്രത്യേകതയും ഹൃദ്യം പദ്ധതിയ്ക്കുണ്ട്. |

സെക്ഷൻ ഓഫീസർ